കോട്ടയം ജില്ലയിൽ ന്യൂനപക്ഷക്ഷേമ വകുപ്പു മുഖേന ലഭ്യമാക്കിയ ആനുകൂല്യങ്ങൾ

91 (7388) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോട്ടയം ജില്ലയിൽ ന്യൂനപക്ഷക്ഷേമ വകുപ്പുമുഖേന എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകി എന്ന് വ്യക്തമാക്കുമോ ;

(ബി) എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 55 പേർക്ക് വിവിധ പദ്ധതികളിലായി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

(ബി)

1. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപ്പെടുത്തിയ സ്ത്രീകൾക്കുമുള്ള ഭവനനിർമ്മാണ പദ്ധതി - 30 പേർക്ക്
2. സി.എ., ഐ.സി.ഡബ്ല്യു.സി.എസ്. തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - 8 പേർക്ക്
3. ഐ.ടി.സി. യിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഫീ റീഇംബേഴ്സ്മെന്റ് സ്കീം - 17 പേർക്ക്

ദേശീയ നിർത്തടാധിഷ്ഠിത വികസന പദ്ധതി

92 (7389) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ നീർത്തടാധിഷ്ഠിത വികസന പദ്ധതിക്കായി 2013-14-ൽ ആകെ ലഭിച്ച തുക എത്ര ;

(ബി) ആകെ എത്ര തുക ചെലവഴിച്ചു ;

(സി) ഓരോ ജില്ലയിലും എത്ര തുക വീതം അനുവദിച്ചു ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(ഡി) ദേശീയ നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെ ഭാഗമായി 2013-14-ൽ കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly